പതിമൂന്നാം കേരള നിയമസഭ
പതിമൂന്നാം സമ്മേളനം

| നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 292 | 23.03.2015 ൽ മറുപടിയ്ക്ക് |
|---|---|
| ' ഷീ ടോയ് ലെറ്റുകൾ ' | |
| ചോദ്യം | ഉത്തരം |
| ശ്രീ. ശ്രീ.ബി.സത്യൻ<br>,, എളമരം കരീം<br>,, ആർ. രാജേഷ്<br>,, വി.ശിവൻകുട്ടി | ഡോ. എം.കെ.മുനീർ<br>(പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) |
| (എ) വനിതാ വികസന കോർപ്പറേഷൻ നടപ്പാക്കുന്ന "ഷീ ടോയ് ലെറ്റുകൾ" പദ്ധതിയുടെ അവലോകനം നടത്തിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; | (എ) കേരള സംസ്ഥാന വനിതാ വികസന കോർപ്പറേഷൻ നടപ്പിലാക്കിയ ഷീ-ടോയ്ലറ്റ് പദ്ധതി സാമൂഹ്യനീതി വകുപ്പ് ഡയറക്ടർ അവലോകനം നടത്തിയിട്ടുണ്ട്. |
| (ബി) സംസ്ഥാനത്ത് പല ഭാഗങ്ങളിലായി സ്ഥാപിച്ചിട്ടുള്ള ഷീ ടോയ് ലെറ്റുകളിൽ പലതും നോക്കുകുത്തിയാകുന്നതായ ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ ; | (ബി) സംസ്ഥാനത്ത് പല ഭാഗങ്ങളിലായി സ്ഥാപിച്ചിട്ടുള്ള എല്ലാ ഷീ-ടോയ്ലറ്റുകളും പ്രവർത്തനക്ഷമമാണ്. |
| (സി) നിലവിലുള്ളതിനു പുറമേ പുതുതായി ഷീ ടോയ് ലെറ്റുകൾ സ്ഥാപിക്കുന്നുണ്ടോയെന്നും ഇതിന്റെ അറ്റകുറ്റപ്പണികൾ നടത്തുന്നത് ഏത് ഏജൻസിയാണെന്നും വ്യക്തമാക്കാമോ; | (സി) വനിതാ വികസന കോർപ്പറേഷൻ സംസ്ഥാനത്ത് ഷീ-ടോയ്ലറ്റ് സ്ഥാപിക്കുക എന്ന പദ്ധതിയുടെ പ്രാരംഭഘട്ടത്തിൽ തിരുവനന്തപുരം ജില്ലയിൽ 23 ഷീ-ടോയ്ലറ്റുകൾ സ്ഥാപിച്ചിട്ടുണ്ട്. കൂടാതെ ടി പദ്ധതി കേരളത്തിലുടനീളം വ്യാപിപ്പിക്കുക എന്ന ലക്ഷ്യത്തോടെ 25 ഷീ-ടോയ്ലറ്റുകൾ കൂടി സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ഇതിൽ 7 എണ്ണം പ്രവർത്തന സജ്ജമാക്കിയിട്ടുണ്ട്. ബാക്കിയുള്ളവയുടെ ഇൻസ്റ്റലേഷൻ അന്തിമ ഘട്ടത്തിലാണ്. പുതുതായി സ്ഥാപിക്കുന്ന ഷീ-ടോയ്ലറ്റുകളുടെ അറ്റകുറ്റപ്പണികൾക്കായി നാളിതുവരെ ഏജൻസികളെ നിയോഗിച്ചിട്ടില്ല. |
| (ഡി) നാളിതുവരെ സംസ്ഥാനത്ത് ഷീ ടോയ് ലെറ്റുകൾ സ്ഥാപിച്ച ഇനത്തിൽ എന്തു തുക ചെലവഴിക്കപ്പെട്ടുവെന്നതിന്റെ കണക്കും അറ്റകുറ്റപ്പണികൾ നടത്തിയതിന്റെ കണക്കും ലഭ്യമാണോ ; എങ്കിൽ ലഭ്യമായ കണക്ക് നൽകുമോ ? | (ഡി) വനിതാ വികസന കോർപ്പറേഷൻ സംസ്ഥാനത്ത് ഷീ-ടോയ്ലറ്റുകൾ സ്ഥാപിച്ച ഇനത്തിൽ 2,51,64,352/- രൂപ ചെലവാക്കുകയും ഇവയുടെ അറ്റകുറ്റപ്പണികൾക്കായി നാളിതുവരെ 21,55,723/- രൂപ ചെലവഴിക്കുകയും ചെയ്തു. |

സെക്ഷൻ ഓഫീസർ